(സി) ദേശസാൽകൃത നോട്ടിഫൈഡ് റൂട്ടുകളിൽ നിന്നും കെ. എസ്. ആർ. ടി. സി.-യെ തുടച്ചുനീക്കാൻ ഇത് ഇടയാക്കുമെന്ന കാര്യം സർക്കാർ പരിഗണിച്ചിട്ടുണ്ടോ;

(ഡി) നിലവിൽ നിർദ്ദേശിക്കപ്പെട്ട അന്തർ ജില്ലാ സർവ്വീസുകൾ കെ. എസ്. ആർ. ടി. സി.-യുടെ നോട്ടിഫൈഡ്/ദേശസാൽകൃത മേഖലയിലൂടെയാണ് കടന്നുപോകുന്നതെന്ന വസ്തുത സർക്കാർ പരിഗണിച്ചിട്ടുണ്ടോ?

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. ആർ. ബാലകൃഷ്ണപിള്ള):

(എ) ഉണ്ട്.

(ബി) 1994-ൽ നിലവിൽ വന്ന കേന്ദ്ര മോട്ടോർ വാഹന നിയമ ഭേദഗതിയുടെ അടിസ്ഥാനത്തിലാണ് സർക്കാർ, റൂട്ടുകൾ നോർമുലേറ്റ് ചെയ്യുവാൻ തീരുമാനിച്ചത്. മേൽപ്പറഞ്ഞ ഭേദഗതി അനുസരിച്ച് സംസ്ഥാന സർക്കാർ സ്റ്റേജ് കാര്യേജ് പെർമിറ്റ് നൽകേണ്ട റൂട്ടുകൾ രൂപീകരിക്കേണ്ടതാണ്. ഇപ്രകാരം റൂട്ടുകൾ രൂപീകരിക്കപ്പെട്ടു കഴിഞ്ഞാൽ ബസ്സുടമകൾക്ക് രൂപീകരിക്കപ്പെട്ട റൂട്ടുകളിൽ മാത്രമേ അപേക്ഷ നൽകുവാൻ കഴിയുകയുള്ളൂ. ഈ നടപടിമൂലം ബസ്സുകളുടെ എണ്ണം കുറയ്ക്കുക എന്ന ഉദ്ദേശ്യമില്ല.

(സി) ഇതുമൂലം കെ. എസ്. ആർ. ടി. സി. തുടച്ച് നീക്കപ്പെടുവാൻ ഇടയാവുകയില്ല.

(ഡി) പൊതുജനങ്ങളും വിവിധ സംഘടനകളും നൽകിയ നിർദ്ദേശങ്ങളിൽ ദേശസാൽകൃത മേഖലകളിൽ/ദേശസാൽകൃത റൂട്ടുകളിൽപ്പെട്ടവയും ഉണ്ട്. റൂട്ടുകൾ ദേശസാൽകരണ പദ്ധതിക്കു വിരുദ്ധമായാൽ അത്തരം റൂട്ടുകളിൽ കെ. എസ്. ആർ. ടി. സി.-ക്കു മാത്രമേ പെർമിറ്റ് അനുവദിക്കുവാൻ കഴിയുകയുള്ളൂ. അതുകൊണ്ട് റൂട്ട് നോർമുലേഷൻ മൂലം കെ. എസ്. ആർ. ടി. സി.-ക്ക് ദോഷം ഉണ്ടാകുന്നില്ല.

കൈത്തറി മേഖല നേരിടുന്ന പ്രതിസന്ധിക്ക് പരിഹാരം

*11 [612] ശ്രീ. കെ. വി. കുഞ്ഞിരാമൻ:
„ പിരപ്പൻകോട് മുരളി:

താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൈത്തറി രംഗം ഇപ്പോൾ അഭിമുഖീകരിക്കുന്ന പ്രതിസന്ധികൾ എന്തൊക്കെയാണെന്നും അതിനുള്ള പ്രതിവിധികൾ എന്തെല്ലാമായിരിക്കണമെന്നതിനെക്കുറിച്ചും സർക്കാർ ഏറ്റവും ഒടുവിൽ വിലയിരുത്തിയത് എപ്പോഴാണ്;

(ബി) വിലയിരുത്തലുകളെ തുടർന്ന് സർക്കാർ സ്വീകരിച്ച നടപടികളെന്തൊക്കെയാണ്;

(സി) മുൻസർക്കാരിന്റെ കാലത്തുണ്ടായിരുന്നതും 2002-ൽ നിർത്തൽ ചെയ്തതുമായ ഗവൺമെന്റിന്റെ സഹായപദ്ധതികൾ പുനഃസ്ഥാപിക്കാൻ തീരുമാനിച്ചിട്ടുണ്ടോ;

(ഡി) ഉല്പന്ന വികസനം, വൈദ്യുതിവത്കരണം, നവീകരണം, വിപണനം

LIBRARY ARCHIVES Kerala Legislative Assembly

തുടങ്ങി ഈ വ്യവസായത്തെ സംരക്ഷിക്കുന്നതിന് അനിവാര്യമായിട്ടുള്ള എന്തെല്ലാം സംഗതികളിൽ എന്തെല്ലാം ആശ്വാസ നടപടികൾ സർക്കാർ പ്ലാൻ ചെയ്തിട്ടുണ്ട് എന്ന് വെളിപ്പെടുത്തുമോ?

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി): (എ, ബി) 10-ാം പദ്ധതി രൂപീകരണത്തിന്റെ ഭാഗമായി കൈത്തറി വ്യവസായത്തെക്കുറിച്ച് വിലയിരുത്തിയിട്ടുണ്ട്. കേന്ദ്രാവിഷ്കൃത പദ്ധതികൾക്കു പുറമേ 9-ാം പദ്ധതി കാലയളവിൽ നടപ്പാക്കി വന്നിരുന്ന മിക്കവാറും എല്ലാ പ്രധാനപ്പെട്ട സംസ്ഥാന പദ്ധതികളും 10-ാം പദ്ധതിയിലും ഉൾപ്പെടുത്തി. ഇതിനുപുറമേ നെയ്ത്തുകാർക്ക് വിദഗ്ദ്ധ പരിശീലനം നൽകുന്നതിനും ഫാക്ടറി ഷെഡ്പ്പ് സംഘങ്ങളെ സഹായിക്കുന്നതിനും, വിദഗ്ദ്ധ നെയ്ത്തുകാരെ പ്രോത്സാഹിപ്പിച്ച് മൂല്യ വർദ്ധനവ് വരുത്തിയ കൈത്തറി വസ്ത്രങ്ങൾ ഉൽപ്പാദിപ്പിച്ചെടുക്കുന്നതിനും സഹായകരമായ പദ്ധതികൾ 2002-03 മുതൽ നടപ്പാക്കി തുടങ്ങിയിട്ടുണ്ട്.

(സി) മുൻസർക്കാരിന്റെ കാലത്ത് നടപ്പാക്കിയിരുന്ന പ്രധാനപ്പെട്ട സംസ്ഥാനാവിഷ്കൃത പദ്ധതികൾ തുടർന്നുവരുന്നു. എന്നാൽ റിബേറ്റ് നൽകിയിരുന്ന കാലയളവ് കുറിച്ചിട്ടുണ്ട്.

(ഡി) ഉല്പന്ന വികസന വൈദഗ്ദ്ധ്യ ഉന്നമന പരിപാടി, സെന്റർ ഫോർ മാനേജ്മെന്റ് ഡവലപ്പ്മെന്റിന്റെ പഠനറിപ്പോർട്ടിനെ അടിസ്ഥാനമാക്കി നടപ്പാക്കാൻ ഉദ്ദേശിക്കുന്നു. മനോഹരമായ കൈത്തറി ഉല്പന്നങ്ങൾ കലാമൂല്യങ്ങളുള്ള വസ്തുക്കളാക്കുന്നതിനുള്ള പ്രോത്സാഹനത്തിന്റെ ഭാഗമായി വിവിധ ജില്ലകളിലെ നെയ്ത്തുകാർക്ക് പരിശീലനം, സംസ്ഥാനതല അവാർഡ് എന്നിവയും വിഭാവനം ചെയ്തിട്ടുണ്ട്. ഫാക്ടറി കെട്ടിടം വൈദ്യുതീകരിക്കുന്നതുൾപ്പെടെയുള്ള നവീകരണത്തിനും പുതിയ ഡിസൈനുകളും മറ്റും വികസിപ്പിക്കുന്നതിനുള്ള ഗ്രാന്റ് നൽകുന്ന പദ്ധതിയും നടപ്പാക്കുന്നതാണ്. കേന്ദ്രാവിഷ്കൃത പദ്ധതിയായ ദീൻദയാൽ കൈത്തറി വികസന പദ്ധതി പ്രകാരം വിവിധ ദേശീയ ധനകാര്യ സ്ഥാപനങ്ങളുമായി ചേർന്നുനടപ്പാക്കുന്നു. നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫാഷൻ ടെക്നോളജി, വീവേഴ്സ് സർവ്വീസ് സെന്റർ തുടങ്ങിയ സ്ഥാപനങ്ങളുടെ സഹായത്തോടെ കൈത്തറി ഉൽപ്പന്ന വികസനം, നവീകരണം എന്നിവ ദീൻദയാൽ വികസന പദ്ധതിയിലെ പ്രധാന ഘടകങ്ങളാണ്. ഈ പദ്ധതി ക്ലസ്റ്റർ അടിസ്ഥാനത്തിലാണ് നടപ്പാക്കുന്നത്. ആകർഷണീയമായ വസ്ത്രങ്ങൾ ഗുണഭോക്താക്കളുടെ അഭിരുചിക്കനുസൃതമായി ഉല്പാദിപ്പിച്ചു കഴിഞ്ഞാൽ, സർക്കാർ ഇപ്പോൾ അനുവദിച്ചു വരുന്ന മാർക്കറ്റിംഗ് ഇൻസെന്റീവ് കൂടി പ്രയോജനപ്പെടുത്തി വിപണനം വിപുലീകരിക്കുന്നതിനു കഴിയും. കൂടാതെ ദീൻദയാൽ വികസന പദ്ധതി പ്രകാരം വിപണന വികസനത്തിനുള്ള പരിപാടികൾ ആവിഷ്കരിച്ച് നടപ്പാക്കാനുള്ള ധനസഹായവും നൽകുന്നുണ്ട്.

## വ്യവസായശാലകൾ പുറപ്പെടുവിക്കുന്ന മാലിന്യങ്ങൾ മൂലമുള്ള അന്തരീക്ഷ മലിനീകരണം

*12 [613] ശ്രീ. തന്നാനൂർ രവി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly